# പതിനാലാം കേരള നിയമസഭ

## പതിനാലാംസമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 648** **29/01/2019-ൽ മറുപടിയ്ക്ക്**

**ജില്ലാ ബാങ്കുകളിലെ പി.എസ്.സി. നിയമനം.**

| ചോദ്യം | | മറുപടി | |
|---|---|---|---|
| പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ | | | ശ്രീ. കടകംപള്ളി സുരേന്ദ്രൻ (സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി) |
| (എ) | സംസ്ഥാനത്തെ 14 ജില്ലാ ബാങ്കുകളെ ലയിപ്പിച്ചുകൊണ്ട് കേരള ബാങ്ക് രൂപീകരിക്കുവാൻ ആർ.ബി.ഐ നിർദ്ദേശിച്ചിരിക്കുന്നതിനാൽ പ്രസ്തുത ബാങ്കുകളിലേയ്ക്ക് പി.എസ്.സി നിയമനം കാത്ത് ഇരിക്കുന്നവർക്ക് കാറ്റഗറി നമ്പർ 21/2014, 20/2016 റാങ്ക് ലിസ്റ്റുകളിൽ നിന്നും നിയമനം നടത്തുന്നതിന് സഹകരണ വകുപ്പ് സ്വീകരിച്ച നടപടികൾ അറിയിക്കുമോ; | (എ) | സംസ്ഥാനത്തെ എല്ലാ ജില്ലാ സഹകരണ ബാങ്കുകളിലേയും പി.എസ്.സി വഴി നികത്തേണ്ട ഒഴിവുകൾ സമയബന്ധിതമായി റിപ്പോർട്ട് ചെയ്യുന്നതിന് നടപടി സ്വീകരിക്കുവാൻ എല്ലാ ജില്ലാ സഹകരണ ബാങ്കുകൾക്കും നിർദ്ദേശം നൽകിയിട്ടുണ്ട് . |
| (ബി) | സഹകരണ വകുപ്പ് രജിസ്ട്രാർ പ്രസ്തുത വിഷയം പരിശോധിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ; | (ബി) | പരിശോധിച്ചിട്ടുണ്ട്.<br>കാറ്റഗറി നം. 20/14 ൽ എല്ലാ ജില്ലകളിലുമായി 161 നിയമനങ്ങളും കാറ്റഗറി നം.21/14 ൽ 97 നിയമനങ്ങളും നടന്നിട്ടുണ്ട്.<br>കാറ്റഗ്ഗറി നമ്പർ 20/2016 ഈ വകുപ്പുമായി ബന്ധപ്പെട്ട വിജ്ഞാപനമല്ലെന്ന് കാണുന്നു. |
| (സി) | 31/03/2019 മുൻപ് പ്രസ്തുത തസ്തികകളിലേയ്ക്ക് നിയമനം നടത്തുവാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ ? | (സി) | സംസ്ഥാനത്തെ എല്ലാ ജില്ലാ സഹകരണ ബാങ്കുകളിലേയും പി.എസ്.സി വഴി നികത്തേണ്ട ഒഴിവുകൾ സമയബന്ധിതമായി റിപ്പോർട്ട് ചെയ്യുന്നതിന് നടപടി സ്വീകരിക്കുവാൻ എല്ലാ ജില്ലാ സഹകരണ ബാങ്കുകൾക്കും നിർദ്ദേശം നൽകിയിട്ടുണ്ട് |

സെക്ഷൻ ഓഫീസർ